**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2255** **03-03-2025 - ൽ മറുപടിയ്ക്ക്**

**മാനാഞ്ചിറ സ്ക്വയർ പരിപാലനത്തിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രദേശവാസികൾക്കും വിനോദസഞ്ചാരികൾക്കും പ്രിയപ്പെട്ട സ്ഥലമായ കോഴിക്കോട് മാനാഞ്ചിറ സ്ക്വയർ പരിപാലനത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കോഴിക്കോട് മാനാഞ്ചിറ സ്ക്വയർ അനുബന്ധമായുള്ള അൻസാരി പാർക്ക് എന്നിവയുടെ ശുചീകരണത്തിനും പരിപാലനത്തിനുമായി പ്രത്യേകമായി തൊഴിലാളികളെയും, സുരക്ഷാ ജീവനക്കാരെയും നഗരസഭ നിയോഗിച്ചിട്ടുണ്ട്. ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി കംഫർട്ട് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. ആയത് മികച്ച രീതിയിൽ പരിപാലിച്ച് വരുന്നു. സ്ക്വയറിനുള്ളിലെ ഇലക്ട്രിക്ക് ലൈറ്റുകൾ യഥാസമയം റിപ്പയർ ചെയ്യുന്നതിനും അപകടകരമായ വൃക്ഷങ്ങൾ യഥാസമയം വെട്ടിമാറ്റുന്നതിനും പ്രത്യേകം ശ്രദ്ധ നഗരസഭ നൽകുന്നുണ്ട്. |
| (ബി) | മാനാഞ്ചിറ സ്ക്വയറിലെ പുൽത്തകിടുകളും മറ്റിടങ്ങളും മാലിന്യ രഹിതമായും ഭംഗിയായും സംരക്ഷിക്കുന്നതിന് പുതിയ ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മാലിന്യ മുക്ത നവകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മാനാഞ്ചിറ സ്ക്വയറിനുള്ളിൽ മാലിന്യ ശേഖരണത്തിന് ട്വിൻ ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്ക്വയറിനു സമീപമുള്ള കുളത്തിന്റെ പടവുകൾ വൃത്തിയാക്കാറുണ്ട്. ദിവസവും വളരെയധികം ആളുകൾ സന്ദർശിക്കുന്നത് മൂലം പുൽത്തകിടിക്ക് കേടുപാടുകൾ സംഭവിക്കാറുണ്ടെങ്കിലും മഴക്കാലത്ത് ആയതു വളർന്നുവരുന്നത്, പ്രത്യേകം തൊഴിലാളികളെ നിയോഗിച്ച് ആയത് വെട്ടിമാറ്റുകയും പൂർവ്വസ്ഥിതിയിൽ ആക്കുകയും ചെയ്യാറുണ്ട്. |
| (സി) | സന്ദർശകർക്ക് ബുദ്ധിമുട്ടാവുന്ന പൊടിശല്യം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | മാനാഞ്ചിറ സ്ക്വയറിൽ പൊടിശല്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ